# Visit of Minister of State for External Affairs, Smt. MeenakashiLekhi to Portugal (September 12-14, 2021)

September 15, 2021

---

## വിദേശകാര്യസഹമന്ത്രി ശ്രീമതി മീനകാശി ലേഖി യുടെ പോർച്ചുഗൽ സന്ദർശനം (സെപ്റ്റംബർ 12-14, 2021)

സെപ്റ്റംബർ 15, 2021.

1.വിദേശകാര്യ സഹമന്ത്രി ശ്രീമതി മീനകാശി ലേഖി, 2021 സെപ്റ്റംബർ 12 -14 തിയ്യതികളിൽ പോർച്ചുഗലിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തി.

2. സന്ദർശന വേളയിൽ അവർ, തന്റെ തുല്യ പദവി വഹിക്കുന്ന ഫോറിൻ അഫയേഴ്സ് ആൻഡ് കോർപറേഷൻ സെക്രട്ടറിയായ ഫ്രാൻസിസ്കോ ആന്ദ്രെയുമായി, ഉഭയകക്ഷി ബന്ധത്തെക്കുറിച്ച് ഗഹനമായ അവലോകനം നടത്തി. ഇതിനു ശേഷം പോർച്ചുഗലിൽ ജോലി ചെയ്യുന്നതിന് ഇന്ത്യൻ പൗരന്മാരെ റിക്രൂട്ട് ചെയ്യുന്നതിനുള്ള സുപ്രധാന ഉഭയകക്ഷി കരാറിൽ ഒപ്പുവയ്ക്കുകയും ചെയ്തു. തൊഴിലാളികളുടെ ഗതാഗതം സംബന്ധിച്ച് സമർപ്പിത കരാർ, ഇന്ത്യ ആദ്യമായി ഒപ്പു വയ്ക്കുന്ന യൂറോപ്യൻ രാജ്യമാണ് പോർച്ചുഗൽ.യൂറോപ്യൻ യൂണിയന് പുറത്ത് പോർച്ചുഗൽ ഒപ്പുവയ്ച്ചിട്ടുള്ള ആദ്യ കരാറും ഇത് തന്നെയാണ്. പോർച്ചുഗലിലെ ഇന്ത്യൻ തൊഴിലാളികളെയും പ്രൊഫഷണലുകളെയും റിക്രൂട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങളാണ് കരാറിൽ വ്യക്തമാക്കുന്നത്, കൂടാതെ ഇരു രാജ്യങ്ങളും തമ്മിലുള്ള സാമൂഹിക-സാമ്പത്തിക ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യക്കാർക്ക് പുതിയ തൊഴിൽ അവസരങ്ങൾ ഇത് നൽകുകയും ചെയ്യുന്നു.

3. പോർച്ചുഗലിന്റെ വിദേശകാര്യ മന്ത്രി, അഗസ്റ്റോ സാന്റോസ് സിൽവ, വിദേശകാര്യമന്ത്രിയ്ക്കായുള്ള ഉച്ചഭക്ഷണത്തിന് ആതിഥേയത്വം വഹിച്ചു. വിദേശകാര്യ, സഹകരണ സെക്രട്ടറി ശ്രീ. ഫ്രാൻസിസ്കോ ആന്ദ്രേ, അന്താരാഷ്ട്രവൽക്കരണ സംസ്ഥാന സെക്രട്ടറി യൂറിക്കോ ബ്രിൽഹന്റെ ഡയസ് എന്നിവരും പങ്കെടുത്തു. ഇന്ത്യയുടെ ബഹുജന പ്രതിരോധ കുത്തിവയ്പ്പ് ശ്രമങ്ങളെ മന്ത്രി സിൽവ പ്രശംസിക്കുകയും പകർച്ചവ്യാധി സാഹചര്യം മെച്ചപ്പെടുന്നതനുസരിച്ച് ഇരുരാജ്യങ്ങളും തമ്മിലുള്ള ഉന്നതതല ഉഭയകക്ഷി സന്ദർശനങ്ങളുടെ ആവേഗം തുടരുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു.ഈ വർഷം മെയ് മാസത്തിൽ പോർട്ടോയിൽ വിജയകരമായ സംഘടിപ്പിക്കപ്പെട്ട ഇന്ത്യ-യൂറോപ്യൻ യൂണിയൻ നേതാക്കളുടെ മീറ്റിംഗിനെക്കുറിച്ചും മന്ത്രി സിൽവ

പരാമർശിക്കുകയും ബ്രസൽസിൽ അതിന്റെ ഫലങ്ങൾ നേരത്തേ നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശിക്കുകയും ചെയ്തു. പോർച്ചുഗലുമായുള്ള ഉഭയകക്ഷി സാമ്പത്തിക-വാണിജ്യ ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനും വൈവിധ്യവൽക്കരിക്കുന്നതിനും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ വിദേശകാര്യ മന്ത്രി ആവശ്യപ്പെട്ടു, രാഷ്ട്രീയ, ബിസിനസ്സ്, ജനങ്ങൾ തമ്മിലുള്ള ഇടപെടലുകൾ പുനരാരംഭിക്കുന്നതിന് വാക്സിനേഷനുകൾ, വാക്സിൻ സർട്ടിഫിക്കറ്റുകൾ എന്നിവയുടെ പരസ്പര അംഗീകാരം സംബന്ധിച്ച അടിയന്തര സാഹചര്യവും ആവർത്തിച്ചു.

4. പോർച്ചുഗലിന്റെ സാംസ്കാരിക മന്ത്രി ഡോ. ഗ്രാക്കാ ഫൊൻസേകയുമായുള്ള കൂടിക്കാഴ്ചയിൽ, യുവാക്കളുടെയും സാഹിത്യ പ്രതിനിധികളുടെയും കൈമാറ്റം , 2020 ഫെബ്രുവരിയിൽ പോർച്ചുഗലുമായി ഒപ്പുവച്ച ധാരണ പത്രത്തിന് കീഴിൽ കീഴിൽ ലോത്തലിൽ മാരിടൈം ഹെറിറ്റേജ് ഗാലറി സ്ഥാപിക്കൽ, പൈതൃക സംരക്ഷണം, ആർക്കൈവുകൾ, മ്യൂസിയോളജി എന്നിവയിൽ നൈപുണ്യ വികസനം തുടങ്ങിയ സാംസ്കാരിക മേഖലയിലെ സഹകരണ മാർഗങ്ങൾ ,അനുബന്ധ കഴിവുകളിൽ പരിശീലകർക്കായുള്ള പരിശീലനം എന്നിവയും ചർച്ച ചെയ്യപ്പെട്ടു.MoS കമ്മ്യൂണിറ്റി ഓഫ് പോർച്ചുഗീസ് ലാംഗ്വേജ് കൺട്രീസ് (CPLP) എക്സിക്യൂട്ടീവ് സെക്രട്ടറി ഡോ. സക്കറിയാസ് ഡാ കോസ്റ്റയെയും സന്ദർശിച്ചു.2021 ജൂലൈയിൽ ലുവാണ്ട ഉച്ചകോടിയിൽ അസോസിയേറ്റ് ഒബ്സർവറായി സിപിഎൽപിയിൽ ചേർന്നതിന് ശേഷം ഇന്ത്യയും സിപിഎൽപിയും തമ്മിലുള്ള ആദ്യ ഉന്നതതല ആശയവിനിമയമാണിത്.സിപിഎൽപിയുടെ പ്രകടിത ലക്ഷ്യങ്ങൾക്കനുസൃതമായി ലുസോഫോൺ രാജ്യങ്ങളുമായി സഹകരണം ശക്തിപ്പെടുത്തുന്നതിനുള്ള ഇന്ത്യയുടെ പ്രതിബദ്ധത വിദേശകാര്യമന്ത്രി അറിയിച്ചു.

5. സന്ദർശന വേളയിൽ, ഇന്ത്യൻ പ്രവാസികളുമായി ആശയവിനിമയം നടത്തുകയും ലിസ്ബണിലെ ഇന്ത്യൻ എംബസി സംഘടിപ്പിച്ച ഇന്ത്യയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം അടയാളപ്പെടുത്തുന്ന സ്വാതന്ത്ര്യ അമൃത് മഹോത്സവ് ആഘോഷങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. ഇന്ത്യൻ സംസ്കാരം സംരക്ഷിക്കുന്നതിലും ഇന്ത്യയും ലോകവും തമ്മിൽ വസുധൈവകുടുംബകം എന്ന സത്തയിൽ ഊന്നിക്കൊണ്ട് ശക്തമായ ബന്ധങ്ങൾ വളർത്തിയെടുക്കുന്നതിലും പ്രവാസ സമൂഹത്തിന്റെ പങ്കിനെക്കുറിച്ച് അവർ സംസാരിച്ചു. വിദേശകാര്യമന്ത്രി മഹാത്മാ ഗാന്ധി പാർക്ക് സന്ദർശിക്കുകയും മഹാത്മാവിന് പുഷ്പചക്രം അർപ്പിക്കുകയും പിന്നീട് ഹിന്ദു ക്ഷേത്രം സന്ദർശിക്കുകയും ചെയ്തു.

6. പോർച്ചുഗലുമായുള്ള ഇന്ത്യയുടെ പരമ്പരാഗത ബന്ധങ്ങൾ ഊഷ്മളതയും സൗഹൃദവും നിറഞ്ഞതാണ് കൂടാതെ സമീപ വർഷങ്ങളിൽ പരസ്പര ധാരണയും നേതൃത്വത്തിൽ നിന്നുള്ള പിന്തുണയും ഉപയോഗിച്ച് ക്രിയാത്മകത കൈവരിച്ചു

കൊണ്ടിരിക്കുകയും ചെയ്യുന്നു. കോവിഡ്-19 പകർച്ചവ്യാധി സാഹചര്യമുണ്ടെങ്കിൽ കൂടിയും  സാമ്പത്തിക, വ്യവസായ, ശാസ്ത്രം, പ്രതിരോധം, വ്യക്തിഗത ബന്ധങ്ങൾ എന്നിവയിൽ ഇരുരാജ്യങ്ങളും സജീവവും പുരോഗമനപരവുമായ  സഹകരണവും നടത്തുന്നുഈ സന്ദർശനം, പകർച്ചവ്യാധി ആരംഭിച്ചതിനുശേഷം ഇന്ത്യയിൽ നിന്നുള്ള ആദ്യത്തെ മന്ത്രിതല തലത്തിലുള്ള സന്ദർശനമാണ്, കൂടാതെ ഇത് പോർച്ചുഗലുമായും യൂറോപ്യൻ യൂണിയനുമായും ഇന്ത്യയുടെ വളരുന്ന ബന്ധങ്ങൾക്ക് കൂടുതൽ ഊർജ്ജം പകരുന്നതാണ്.

ന്യൂ ഡൽഹി
സെപ്റ്റംബർ 15, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.